നം.കെ.എസ്.എ-കെ.ടി.എം.പി4/305/2019 തീയതി : 19.04.2019

# കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.2017 മുതൽ 28.02.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 15.03.2019ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.03.2019 മുതൽ 15.03.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഇന്ദുലേഖ എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി. നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.യോഗേഷ് ആർ. | ഓഡിറ്റർ |
| | ശ്രീ.ആൽബിൻ സിറിയക് | ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.സി.കുര്യൻ | 1.04.2017-31.03.2018 |
| സെക്രട്ടറി | ശ്രീ.സജികുമാർ | 1.04.2017-05.06.2017 |
| | ശ്രീ.ഷാജു പി.എ. | 05.06.2017-08.08.2017 |
| | ശ്രീ.എബ്രഹാം സി.മാത്യു | 08.08.2017-17.11.2017 |
| | ശ്രീ.പ്രസാദ് പി.ആർ. | 17.11.2017--31.03.2018 |

സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി മീന ചാക്കോ | 1.04.17-3.04.17 |
| | ശ്രീ.സാജൻ സി.കെ. | 4.04.2017-31.03.2018 |
| വെറ്ററിനറി സർജൻ | ഡോ.സി.കെ.ഷാജു | 1.04.2017-31.03.2018 |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീമതി ലിഷ വി.ജോസ് | 1.04.2017-31.03.2018 |
| | ശ്രീ.ഹരികുമാർ | 01.04.2017-24.07.2017 |
| | ശ്രീമതി ഷീജമോൾ വി.ആർ. | 25.07.2017-31.03.18 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.ഫിലിപ്പ് | 1.04.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സി.വൈ.എൽസി | 1.04.2017-31.03.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ബബിത എസ്. ബേബി | 1.04.2017-31.03.2018 |
| അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി ബ്ലെസിമോൾ | 1.04.2017-18.08.17&<br>10.10.17-17.10.17 |
| | ശ്രീ.അരുൺ വി. | 18.08.17-9.10.17&10.10.17-21.10.17 |
| | ശ്രീ.നിബു കുര്യൻ | 21.10.17-31.03.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി രേവതിക്കുട്ടി കെ.ആർ. | 1.04.17-3.04.17 |
| | ശ്രീമതി ശ്രീജ രാധാകൃഷ്ണൻ | 4.04.2017-31.03.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ബിന്ദു എസ്. | 1.04.2017-31.03.2018 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ബിന്ദു സി.കെ. | 1.04.2017-31.03.2018 |

ഡി) ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |

| | |
|---|---|
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1-1 | സഞ്ചയയിൽ തറ വിസ്തീർണ്ണം കുറവായി ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചു |
| 2-1-2 | പൂർത്തീകരണ പ്ലാനിലെ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിച്ചില്ല |
| 2-1-3 | കെട്ടിടങ്ങൾക്ക് വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് നൽകാതെ നികുതി നിർണ്ണയിച്ചു |
| 2-1-4 | മൊബൈൽ ടവറിന് കുറഞ്ഞ മേൽക്കൂരയ്ക്ക് ബാധകമായ ഇളവ് നൽകി |
| 2-2-1 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-2-2 | ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല |
| 2-2-3 | സ്ഥാപന തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| 2-2-4 | തോപ്പൻസ് നീന്തൽ അക്കാദമി-ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കാത്തത് സംബന്ധിച്ച് |
| 2-3-1 | ഡി ആന്റ് ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു |
| 2-3-2 | വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയം നടത്തിയ ധാരാളം കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി ആന്റ് ട്രേഡ് ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2-3-3 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല |
| 2-4-1 | വാടക/ലേലം-അപാകതകൾ |
| 2-5-1 | കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല |
| 2-5-2 | ക്രമവൽക്കരണ ഫീസ് ഈടാക്കാത്തതും ഈടാക്കിയതിൽ കുറവും |
| 2-5-3 | കാലാവധി കഴിഞ്ഞ പെർമിറ്റിന് ക്രമവൽക്കരണ ഫീസ് ഈടാക്കാതെ നികുതി നിർണ്ണയിച്ച് നൽകി |
| 2-6 | ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | അങ്കണവാടികളുടെ നിർമ്മാണം-തുടർനടപടികൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല |
| 3-2 | സാംസ്കാരിക നിലയത്തിന് ഫർണ്ണിച്ചർ -തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല-99,750 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-3 | ഇ-സാക്ഷരത-തുടർ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല-ടാബുകൾ തിരികെ ലഭ്യമാക്കുന്നതിനുള്ള കമ്മിറ്റി തീരുമാനത്തിന്റെ തുടർനടപടികളുടെ വിവരം ലഭ്യമാക്കിയില്ല |
| 3-4 | ഗ്രാമപഞ്ചായത്തിലെ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല |
| 3-5 | യോഗ പ്രകൃതി ജീവനപരിശീലനം(വനിതകൾ)-പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി-4,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |

| | |
|---|---|
| 3-6 | ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ, കളത്തൂർ നടപ്പാക്കിയ പ്രോജക്ടുകളുടെ അപാകതകൾ |
| 3-7 | ഗ്രാമസഭ തെരഞ്ഞെടുക്കാത്തവർക്ക് ആനുകൂല്യം നൽകി |
| 3-8 | ചാരപ്പുറം കുടിവെള്ള പദ്ധതി-ഗുണഭോക്തൃസമിതി കൺവീനർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ 10,397 രൂപ നൽകി |
| 3-9 | തെരുവുവിളക്ക് മെയിന്റനൻസ്/തെരുവുവിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ. പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 3-10 | വനിതാവ്യവസായ കേന്ദ്രങ്ങളിലും സാംസ്കാരികനിലയങ്ങളിലും അങ്കണവാടികൾ പ്രവർത്തിക്കുന്നു |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017 -18 വർഷത്തെ ബജറ്റ് 21.03.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 50,00,000 | 61,85,818 |
| വരവ് | 8,93,44,500 | 5,64,54,665 |
| ആകെ | 9,43,44,500 | 6,26,40,483 |
| ചെലവ് | 8,41,74,726 | 5,71,25,306 |
| നീക്കിയിരിപ്പ് | 1,01,69,774 | 55,15,177 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കാവുന്നതുമാണ്.

വകുപ്പ് 214(5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവർത്തിൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി, അനുവാദത്തിനു വേണ്ടി പഞ്ചായത്തിന്റെ മുൻപാകെ വച്ച് അംഗീകാരം വാങ്ങിയതിനുശേഷം വാർഷിക ബജറ്റ് പുതുക്കേണ്ടതാണ്. ആയതുപ്രകാരം 21.03.2018-ൽ ബജറ്റ് പുതുക്കിയിട്ടുണ്ട്.

## 1-2 <u>വാർഷിക ധനകാര്യപത്രിക</u>

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി14.05.2018-ലെ 7(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ്(Audit Information Management System) സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 24.05.2018 ലെ AO--1506/18 നം. കത്ത് പ്രകാരം 08.06.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 <u>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 20.06.2018-21.06.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 27.06.2018-ലെ കെ.എസ്.എ-കെ.ടി.എം.പി4-1212/18 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 61,85,818 |
| വരവ് | 5,64,54,665 |
| ആകെ | 6,26,40,483 |
| ചെലവ് | 5,71,25,306 |
| നീക്കിയിരിപ്പ് | 55,15,177 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,05,50,000 | 1,05,50,000 | 1,01,32,000 | 4,18,000 | 96 |
| വികസനഫണ്ട് എസ്.സി.പി. | 0 | 13,98,145 | 13,98,145 | 13,97,019 | 1,126 | 99 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,79,926 | 1,79,926 | 1,79,926 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,05,66,000 | 1,05,66,000 | 96,53,777 | 9,12,223 | 91 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 25,91,000 | 25,91,000 | 19,51,082 | 6,39,918 | 75.3 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 48,79,732 | 48,79,732 | 39,86,356 | 7,93,376 | 83 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 25,07,368 | 25,07,368 | 24,72,449 | 34,919 | 98 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 11,997 | 1,51,38,506 | 1,51,50,503 | 1,51,47,492 | 3,011 | 99.98 |
| ബി ഫണ്ട് | | 2,32,31,400 | 2,32,31,400 | 2,32,31,400 | ---- | 100 |

## 1-6 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) ആദ്യ വാർഷികപദ്ധതിയാണ് 2017-18 ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13ാം പദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 9.1.2017ലെ സർക്കാർ ഉത്തരവ്(എം.എസ്.)10/2017 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദ്ദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന: സംഘടിപ്പിക്കുകയും 3/2017 ൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട്)പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ 4/2017 ൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 15.5.2017 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. കൂടാതെ പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.3.17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി

ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.5.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2017-18 വാർഷികപദ്ധതിക്ക് അംഗീകാരം നല്കി.

ഈ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി 490/17-/DPC/DPO/KTM തീയതി 24.02.2018

ആകെ അടങ്കൽ 5,74,71,678 രൂപ

വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും.

| ക്രമ നം. | മേഖല | | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|---|
| ജനറൽ | ഉത്പാദനം | | 14 | 13 | 77,83,150 | 40,35,432 | 51.84 |
| | സേവനം | | 63 | 51 | 2,27,73,253 | 1,41,43,888 | 62 |
| | പശ്ചാത്തലം | | 62 | 50 | 2,49,22,987 | 1,53,02,857 | 61.40 |
| എസ്.സി.പി | ഉത്പാദനം | | 1 | 1 | 75,000 | 71,703 | 95 |
| | സേവനം | | 8 | 7 | 14,28,009 | 12,22,429 | 85 |
| | പശ്ചാത്തലം | | 1 | 1 | 2,40,000 | 1,99,096 | 82 |
| റ്റി.എസ്.പി | ഉത്പാദനം | | -- | -- | -- | -- | |
| | സേവനം | | 6 | 6 | 2,49,279 | 2,42,465 | 97 |
| | പശ്ചാത്തലം | | -- | -- | -- | -- | |
| | ആകെ | | 155 | 129 | 5,74,71,678 | 3,52,17,870 | 61.27 |

ആകെ 129 പ്രോജക്ടുകൾ നടപ്പിലാക്കി. അംഗീകാരം ലഭിച്ച 26 പ്രോജക്ടുകൾ ഉപേക്ഷിച്ചു. 61.27 ശതമാനമായിരുന്നു ചെലവ്, എസ്.സി.പി ഫണ്ട് വിഹിതം പശ്ചാത്തല മേഖലയിലും റ്റി.എസ്.പി ഫണ്ട് വിഹിതം ഉത്പാദന- സേവനമേഖലയിലും വകയിരുത്തിയിട്ടില്ല. ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

<u>നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും</u>

അംഗീകാരം ലഭിച്ച 155 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 11 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 5 | 5 | 29,67,650 | 18,31,950 | 61 |
| 2. | വെറ്ററിനറി സർജൻ | 5 | 5 | 28,15,500 | 11,29,795 | 40 |

| | | | | | | |
|---|---|---|---|---|---|---|
| 3. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 3 | 3 | 6,00,000 | 5,30,100 | 88 |
| 4. | വി.ഇ.ഒ. | 14 | 13 | 45,57,145 | 40,89,583 | 89 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 2 | 10,00,000 | 10,00,000 | 100 |
| 6 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 6 | 6 | 36,24,912 | 34,26,272 | 94 |
| 7 | സെക്രട്ടറി | 25 | 21 | 86,69,425 | 37,67,601 | 43 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 75 | 55 | 2,95,76,413 | 1,59,48,917 | 53 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 9,59,291 | 8,96,514 | 93 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1,00,00,000 | 10,00,000 | 100 |
| 11 | ഹെഡ്മിസ്ട്രസ് | 11 | 10 | 17,01,338 | 15,97,138 | 93 |
| | ആകെ | 155 | 129 | 5,74,71,678 | 3,52,17,870 | 61.27 |

ഒരു നിശ്ചിത കാലയളവിനുള്ളിൽ കാർഷികോൽപ്പന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ലക്ഷ്യത്തോടെയായിരിക്കണം പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടത്. എന്നാൽ പതിവു ശൈലിയിലുള്ള വളംനൽകൽ, വിത്തുനൽകൽ, പച്ചക്കറിയ്ക്ക് കൂലിചെലവ് എന്നീ പ്രോജക്ടുകൾ മാത്രമാണ് തൻവർഷവും നടപ്പിലാക്കിയിട്ടുള്ളത്. കാർഷികമേഖലയിൽ പ്രോജക്ട് കാര്യക്ഷമമായി നിർവഹിച്ചതായി ഇതുസംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ടെങ്കിലും എന്നാൽ കാർഷികമേഖയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പ്രോജക്ടുകളുടെ നിർവഹണ മോണിട്ടറിംഗ് പ്രക്രിയകളിൽ ഫലപ്രദമായി ഇടപെട്ടതിന്റെ വിവരങ്ങളില്ല.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ, വനിതകൾക്ക് കറവപശു വാങ്ങൽ തുടങ്ങിയ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വെറ്ററിനറിസർജൻ നിർവഹണം നടത്തിയത്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. എന്നാൽ 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രവർത്തനമെന്നനിലയിൽ ഈ പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തുന്നുണ്ട്.

എസ്.സി., പൊതു വിഭാഗങ്ങളിൽപെട്ട ഗുണഭോക്താക്കൾക്കായി വീടുകളുടെ ഗുണമേന്മാ വർദ്ധനവ്, പട്ടികവർഗവിഭാഗത്തിനുള്ള ഭവനപുനരുദ്ധാരണം തുടങ്ങിയ വികസനകാര്യ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വി.ഇ.ഒ.യാണ് നിർവഹിച്ചത്. പ്ലാസ്റ്റിക് കളക്ഷൻ എന്ന പ്രോജക്ടിന്റെ നിർവ്വഹണം മികച്ചതായിരുന്നു.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കി. അങ്കണവാടികളുടെ മോണിട്ടറിംഗ് & വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യപ്പെട്ട് പ്രോജക്ട് നിർദേശങ്ങൾ ഉണ്ടാവുകയും അങ്കണവാടികളുടെ മെയിന്റനൻസിന് പ്രോജക്ടുകൾ

വയ്ക്കുകയും ചെയ്തു. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകൾ അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ടെന്ന് അങ്കണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഓഡിറ്റ് ടീമിന് ബോദ്ധ്യപ്പെട്ടു.

ഓഡിറ്റ് വർഷം, ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ കളത്തൂർ യു.പി. സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം, കുട്ടികൾക്ക് നീന്തൽ പരിശീലനം, എസ്.റ്റി./എസ്.സി. പഠനസഹായം, സൈക്കിൾ വാങ്ങൽ, ലാപ്ടോപ്പ് വാങ്ങൽ എന്നിവയായിരുന്നു. എസ്.എസ്.എ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സ്കൂളുകളിൽ പരിശോധന നടത്തുന്നതിന് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ജനറൽകമ്മിറ്റിക്ക് ശുപാർശ നല്കിയെങ്കിലും പരിശോധന നടത്തിയില്ല.

ധനകാര്യം, വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട പ്രോജക്ടുകൾ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നു. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ അനുബന്ധ പ്രവർത്തനങ്ങൾ, അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണ ഫണ്ട് നിക്ഷേപിയ്ക്കൽ, സാംസ്കാരിക നിലയത്തിന് ഫർണിച്ചർ വാങ്ങൽ എന്നിവയായിരുന്നു. കൂടാതെ ഐ.കെ.എം പ്രവർത്തന ഫണ്ട്, തെരുവ് വിളക്കുകൾ മെയിന്റെനൻസ്, തുടങ്ങിയ പ്രോജക്ടുകളും സെക്രട്ടറി നടപ്പിലാക്കിയിട്ടുണ്ട് .

പട്ടികജാതി, പട്ടികവർഗവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകളും, ആശ്രയ ഗുണഭോക്താക്കൾക്കുള്ള പ്രോജക്ടുകളുമുൾപ്പെടെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പ്രോജക്ടുകളാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവഹിച്ചത്. ടി പ്രോജക്ടുകൾ പൊതുവെ അപാകതകളില്ലാതെ നടപ്പാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് പ്രവൃത്തികൾ- ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും പോരായ്മകൾ

കേരള പഞ്ചായത്ത് രാജ് നിയമം 162 എ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്. ഈ മേഖലയിൽ 2017-18 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. വർക്കിങ്ങ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിങ്ങ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ട ചുമതല വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ തൻ വർഷം പൊതു മരാമത്ത് മേഖലയിൽ 75 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 55 എണ്ണം നടപ്പിലാക്കിയിട്ടുണ്ട് 2,95,76,413 രൂപ വകയിരുത്തിയതിൽ 1,59,48,917 രൂപ ചെലവഴിച്ചിട്ടുണ്ട്(53%ചെലവ്). സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെയല്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 75 പ്രവർത്തികളിൽ 75% പ്രവർത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ഏഴ് കുടിവെള്ളപദ്ധതികളിൽ നവീകരണപ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമസഭയിലാണ്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്റ്റുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരു പരിധിവരെ ഉത്തേജനമായിട്ടുണ്ട്.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പു പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 14 ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 372 പ്രോജക്റ്റുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 142 പ്രോജക്റ്റുകളിൽ 80 എണ്ണം തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 24039 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 794 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. നീർത്തടപ്രവൃത്തികൾ, മഴക്കുഴി നിർമ്മാണം, കല്ലുകയ്യാല, റോഡ് നിർമ്മാണം എന്നീ പ്രോജക്റ്റുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. സൗത്ത് ഇൻഡ്യൻ ബാങ്ക് കുറവിലങ്ങാട് ശാഖയിലെ 1624 നമ്പർ അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

| ഇനങ്ങൾ | ആകെ തുക |
|---|---|
| മുന്നിരിപ്പ് | **11,997** |
| വരവ് | |
| ഇ.എഫ്.എം.എസ്. വരവ് | 1,42,68,633 |
| ഭരണപരമായ ചെലവുകൾ | 8,67,550 |
| ബാങ്ക് പലിശ | 2,323 |
| ആകെ | 1,51,50,503 |
| ചെലവ് | |
| ലേബർ ഇൻസെന്റീവ് | 92,92,656 |
| മെറ്റീരിയൽ കോസ്റ്റ് | 49,75,977 |
| അഡ്മിനിസ്ട്രേഷൻ കോസ്റ്റ് | 1,62,859 |
| ശമ്പളം | 3,26,750 |
| മറ്റിനങ്ങൾ | 3,89,250 |
| ആകെ | 1,51,47,492 |
| നീക്കിയിരിപ്പ് | 3,011 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 24 | 13,800 |
| കർഷകതൊഴിലാളി പെൻഷൻ | 1252 | 36,54,300 |
| വിധവാപെൻഷൻ | 1448 | 42,58,700 |
| വാർദ്ധക്യകാലപെൻഷൻ | 4344 | 1,34,20,300 |
| വികലാംഗപെൻഷൻ | 604 | 18,84,300 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 25 | 3,86,500 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 3 | 90,000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.03.2019 തീയതിയിൽ 2:45 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 41,503 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പൂർണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാനഘടകം ആണ് കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം താരതമ്യേന മെച്ചപ്പെട്ടതാണ്. സദ്ഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ(ISO certification) 95%വും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.

ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെയാണ് ഓഫീസ് പ്രവർത്തനം നിയന്ത്രിക്കുന്നത്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുന്നുമുണ്ട്.

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപനത്തിന്റെ വരുമാനവും നിയന്ത്രണ സംവിധാനവും വിലയിരുത്തേണ്ട ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മാസാന്ത്യ വരവുചെലവ് കണക്ക് പരിശോധിച്ച് അംഗീകരിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയൊഴികെയുള്ള വരവിനങ്ങളുടെ കാര്യത്തിൽ ഇടപെടലോ വിലയിരുത്തലോ നടത്തുന്നില്ല. വരവിനങ്ങൾ പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോയെന്നും എല്ലാ വരവു സ്രോതസ്സുകളും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ടോയെന്നും പരിശോധിക്കപ്പെടുന്നില്ല.

2) പദ്ധതിനിർവ്വഹണം മോണിട്ടർചെയ്യുന്നതിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികളും വർക്കിംഗ് ഗ്രൂപ്പുകളും വീഴ്ചവരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് കാര്യക്ഷമമായി നടപ്പിലാക്കാതിരുന്നതിനാൽ മിക്ക പ്രോജക്ടുകളും തൻവർഷം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

3) ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. പുതിയതായി നിർമ്മിച്ച കെട്ടിടങ്ങൾ, റോഡുകൾ എന്നിവ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) 1994 ലെ കേരള പഞ്ചായത്തരാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ജനുവരി 15 ന മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതുമാണ്. മേൽ സൂചിത നിബന്ധനകൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിരിയ്ക്കുന്നത്

5) യാത്രാബത്ത മുൻകൂർ, ഫെസ്റ്റിവൽ അഡ്വാൻസ് ഇനങ്ങളിൽ നൽകിയ തുകകൾ യഥാസമയം അഡ്ജസ്റ്റ് ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് വർഷത്തിൽ ഈയിനങ്ങളിൽ കുടിശ്ശികയുള്ളതായി അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

6) സേവനങ്ങളും വാങ്ങലുകളും സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രോജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ച കാണുന്നു.

7) ബില്ലുകൾ/ഇൻവോയിസുകൾ, രശീതികൾ, ക്ലെയിമുകൾക്കുള്ള മറ്റ് രേഖകൾ എന്നിവ വൗച്ചറിനൊപ്പം സൂക്ഷിച്ചിരിക്കുന്നത് പല വൗച്ചറുകളുടെയും കാര്യത്തിൽ ക്യാൻസൽ ചെയ്തിട്ടില്ല. തുക നല്കിയ ചെലവുകൾ വീണ്ടും നല്കാനുള്ള സാധ്യത ഇതുമൂലം നിലനിൽക്കുന്നു

മേൽപറഞ്ഞ പോരായ്മകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. മേൽ സൂചിത ചട്ടങ്ങൾ ഗ്രാമപഞ്ചായത്തിൽ പാലിയ്ക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.102017 | 9/2017 | റിപ്പോർട്ട് ലഭ്യമായ കാലയളവ് 09/2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2017-28.01.2017 | 2011-12 to 2015-16 | LBA(HQ)II/8A-256016-17/435 dtd 03.03.2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം-62 പ്രകാരമുള്ള 'റേഷ്യോസ്' വാർഷിക കണക്കുകളുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടില്ല.
2. വസ്തുനികുതി ഇനത്തിൽ വാർഷിക കണക്കുകൾ പ്രകാരമുള്ള തുക, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി.പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
3. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 58(4)-എച്ച് പ്രകാരം തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
4. ചെലവഴിക്കുവാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ/സംയുക്ത പ്രോജക്ടിനുള്ള തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. ബാലൻസ് ഷീറ്റിലെ വസ്തുനികുതി കുടിശിക തുകയിൽ ഉൾപ്പെട്ടിട്ടുള്ള 5% ലൈബ്രറി സെസ്സ് തുകയും, സ്റ്റേറ്റ് ഗവൺമെന്റ് സെസ്സ്/ലെവീസ് ഇൻ പ്രോപ്പർട്ട് ടാക്സ് (ലൈബ്രറി സെസ്സ്) ഇനത്തിലുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1-1 സഞ്ചയയിൽ തറ വിസ്തീർണ്ണം കുറവായി ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചു

ജോജോ എബ്രഹാം, നിധിരി പള്ളിവീട്ടിൽ എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള രണ്ട് നിലകളുള്ള

കെട്ടിടത്തിന് 368 ച.മീറ്റർ വിസ്തീർണ്ണമുള്ള താഴത്തെ നിലയ്ക്ക് II/598 I എന്നും 423.16 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒന്നാം നിലയ്ക്ക് II/598 J എന്നും സപ്ലിമെന്ററി അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നമ്പർ നൽകി നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയയിലെ ഫോറം 6 പരിശോധിച്ചതിൽ 423.16 ച.മീറ്റർ തറവിസ്തീർണ്ണമുള്ള ഒന്നാം നിലയ്ക്ക് (II/598 J) 89.64 ച.മീറ്റർ വിസ്തീർണ്ണം നൽകിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നതെന്ന് കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്,(നം.22) പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനക്രമീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ആയതിനാൽ മേൽ പരാമർശിച്ച കെട്ടിടത്തിന്റെ സഞ്ചയയിലെ നികുതി നിർണ്ണയം പരിശോധിച്ച് വിസ്തീർണ്ണത്തിൽ വന്നിരിക്കുന്ന കുറവ് കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-1-2 പൂർത്തീകരണ പ്ലാനിലെ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ താഴെപറയുന്ന കെട്ടിങ്ങൾക്ക് ഉടമസ്ഥൻ സമർപ്പിച്ച പൂർത്തീകരണ പ്ലാനിലെ വിസ്തീർണ്ണത്തേക്കാൾ കുറവ് വിസ്തീർണ്ണത്തിൽ നികുതി നിർണ്ണയിച്ചതായി കാണുന്നു.

1. കുറവിലങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റിന്റെ പേരിലുള്ള കെട്ടിടത്തിന് 17-18 വർഷം IV/351A(വാണിജ്യാവശ്യം),IV/351B(ഓഫീസാവശ്യം), IV/351C(വാണിജ്യാവശ്യം)എന്നീ നമ്പറുകൾ നൽകി ആകെ 71.62 ച.മീറ്റർ വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പൂർത്തീകരണ പ്ലാൻ, കെട്ടിടഉടമ സമർപ്പിച്ച വസ്തുനികുതി റിട്ടേൺ എന്നിവ പ്രകാരം പ്രസ്തുത കെട്ടിടത്തിന് ആകെ 83.96 ച.മീറ്റർ വിസ്തീർണ്ണമുള്ളതായി കാണുന്നു. നികുതി നിർണ്ണയിച്ച ആകെ വിസ്തീർണ്ണത്തിൽ 12.34 ച.മീറ്ററിന്റെ കുറവുണ്ട്.
2. ശ്രീ.റ്റോം പി.ജോസഫ്, പൈനാപ്പിള്ളിൽ എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ മുറികൾക്ക് V/390E (96.04ച.മീ),F (90.16 ച.മീ),G (31.28ച.മീ) എന്നീ നമ്പറുകൾ നൽകി ആകെ 217.48 ച.മീറ്റർ വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ പൂർത്തീകരണ പ്ലാനിലുൾപ്പെട്ടിട്ടുള്ള കോമൺ ഏരിയ(20.136 ച.മീ),സ്റ്റെയർ റൂം ഏരിയ(22.44 ച.മീ) എന്നിവയുടെ ആകെ വിസ്തീർണ്ണമായ 42.58 ച.മീറ്റർ വസ്തുനികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു.
3. ശ്രീ.ജോസ് മാത്യു, ചിറ്റക്കോട്ടത്തിൽ എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ മുറികൾക്ക് V/18 A(12.86ച.മീ), B(25.72ച.മീ), C(8ച.മീ), D(39.7ച.മീ) നമ്പറുകൾ നൽകി ആകെ 86.28 ച.മീറ്റർ വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പൂർത്തീകരണ പ്ലാനിലും ഫയലിലെ അന്വേഷണ റിപ്പോർട്ടിലും ആകെ 119.08 ച.മീറ്റർ വിസ്തീർണ്ണമുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ വിസ്തീർണ്ണത്തിൽ 32.8 ച.മീറ്ററിന്റെ കുറവുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, (നം.19) പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനക്രമീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ആയതിനാൽ മേൽ പരാമർശിച്ചിട്ടുള്ള കെട്ടിങ്ങളുടെ വിസ്തീർണ്ണം പുനപരിശോധിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-1-3 കെട്ടിടങ്ങൾക്ക് വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് നൽകാതെ നികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ താഴെപറയുന്ന കെട്ടിങ്ങൾക്ക് അവ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള പ്രധാന പാതകളുടെ വശങ്ങളിൽ സ്ഥിതിചെയ്തിട്ടും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധനവ് നൽകിയതായി കാണുന്നില്ല.

1. ശ്രീ.റ്റോം പി.ജോസഫ്, പൈനാപ്പിള്ളിൽ എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ മുറികൾക്ക് V/390E (96.04ച.മീ),F (90.16 ച.മീ),G (31.28ച.മീ) എന്നീ നമ്പറുകൾ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. സഞ്ചയയിലെ ഫോറം 6 പ്രകാരം പ്രസ്തുത കെട്ടിടം 5 മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള

പാലാ-കോഴാ റോഡ് സൈഡിൽ സ്ഥിതി ചെയ്യുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ V/390E നമ്പർ കെട്ടിടത്തിന് മാത്രം വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധനവ് നൽകിയിട്ടില്ല.

2. ശ്രീ.രാജൻ ബാബു, കിഴക്കേടത്ത് എന്ന വ്യക്തിയുടെ 38.55 ച.മീറ്റർ വിസ്തീർണ്ണമുള്ള വ്യവസായാവശ്യത്തിനുള്ള കെട്ടിടത്തിന് 2017-18 വർഷം XIII/677A എന്ന് കെട്ടിട നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം പ്രഥമ മേഖലയിൽ എം.സി റോഡ് സൈഡിലാണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധനവ് നൽകിയിട്ടില്ല.

3. ജോജോ എബ്രഹാം, നിധിരി പള്ളിവീട്ടിൽ എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് II/598 I, J എന്നിങ്ങനെ കെട്ടിട നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. എം.സി. റോഡ്(സ്റ്റേറ്റ് ഹൈവേ)സൈഡിൽ കുറവിലങ്ങാട് ടൗണിലാണ് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്നത്. എന്നാൽ II/598 J നമ്പർ കെട്ടിടത്തിന് വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധനവ് നൽകിയിട്ടില്ല.

മേൽ പരാമർശിത അപാകതകൾ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.26) കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ആയതിനാൽ മേൽ കെട്ടിടങ്ങളുടെ നികുതിയിൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കൂടി നൽകി നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-1-4 മൊബൈൽടവറിന് കുറഞ്ഞ മേൽക്കൂരയ്ക്ക് ബാധകമായ ഇളവ് നൽകി

വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് കമ്പനിയുടെ മൊബൈൽ ടവറിന്റെ വസ്തുനികുതി പരിഷ്കരിച്ചപ്പോൾ കുറഞ്ഞ മേൽക്കൂരയ്ക്ക് ബാധകമായ ഇളവ് (10%) നൽകിയതുമൂലം നികുതി ഇനത്തിൽ എല്ലാ വർഷവും 1,550 രൂപ ആവർത്തന നഷ്ടം വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി (ച.മീ.500 രൂപ നിരക്കിൽ) | മേൽക്കൂരയുടെ അടിസ്ഥാനത്തിൽ നൽകിയ ഇളവ്(10%) | നിർണ്ണയിച്ച അടിസ്ഥാന നികുതി(മറ്റ് ഇളവുകളും വർദ്ധനവും ഉൾപ്പെടെ) |
|---|---|---|---|---|
| VI/51 | 31 ച.മീ | 31X500=15,500 | 1,550 | 13,950 |

ഇപ്രകാരം മൊബൈൽ ടവറിന് മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, (നം.15) മേൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. നികുതി തെറ്റായി നിർണ്ണയിച്ചതുമൂലം കുറവ് വന്ന നാളിതുവരെയുള്ള കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന സ്ഥാപനങ്ങളിൽ 60 ദിവസത്തിൽ കൂടുതൽ ദിവസം പണിയെടുത്തിട്ടുള്ള തൊഴിൽനികുതിയുടെ പരിധിയിൽവരുന്ന എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനമ്പർ | സ്ഥാപനം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|

| | | |
|---|---|---|
| 1 | ഹോട്ടൽ മറ്റം റസിഡൻസി, കുറവിലങ്ങാട് | 2 |
| 2 | സാമൂഹികാരോഗ്യ കേന്ദ്രം, കുടല്ലൂർ | 2 |
| 3 | ചൈതന്യ ഹോളിട്രസ്റ്റ് ഹോസ്പിറ്റൽ | 2 |
| 4 | കാളികാവ് ദേവീക്ഷേത്രം | 2 |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2-2 ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | പുരക്കൽ ഹോണ്ട | 9 |
| 2 | നിധീരി ഫ്യൂവൽസ് | 5 |
| 3 | മറ്റത്തിൽ ബ്രദേഴ്സ് | 6 |
| 4 | സ്റ്റാർ മാച്ച് വർക്സ് | 7 |
| 5 | ഹോട്ടൽ സാനിയോ | 7 |
| 6 | നവോദയ നോട്ട്ബുക്ക് പ്രോഡക്ഷൻ സെന്റർ | 7 |
| 7 | അമലജ്യോതി ഇൻഡെയിൻ സർവ്വീസ് | 9 |
| 8 | മാർജിൻ ഫ്രീ സൂപ്പർ ഷോപ്പ് | 5 |
| 9 | ഹോളിക്രോസ് ഡിസ്പൻസറി, മണ്ണക്കനാട് | രേഖപ്പെടുത്തിയിട്ടില്ല |
| 10 | ഹോളിഫാമിലി ഡെന്റൽ കെയർ | രേഖപ്പെടുത്തിയിട്ടില്ല |
| 11 | മേരി മാതാ കോളേജ് ഓഫ് മെഡിക്കൽ സയൻസ് | 5 |
| 12 | ഹോട്ടൽ ന്യൂ ബിന്ദു | 8 |
| 13 | മറ്റത്തിൽ റസ്റ്റോറന്റ് | 5 |
| 14 | പുളിക്കൻസ് ആന്റ് പുളിക്കൽ ഗാർമെന്റ്സ് | 20 |
| 15 | ബിന്ദു ഹോട്ടൽ | 7 |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് വിറ്റുവരവിന് ആനുപാതികമായ സ്ഥാപന തൊഴിൽ നികുതി

ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | എൽ.ഐ.സി., കുറവിലങ്ങാട് | 1,2 |
| 2 | പാലാ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, കുറവിലങ്ങാട് ബ്രാഞ്ച് | 1,2 |
| 3 | മണപ്പുറം ഫിനാൻസ് | 2 |
| 4 | മീനച്ചിൽ കോ-ഓപ്പറേറ്റീവ് റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക് | 2 |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് വിറ്റുവരവിന് ആനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, മേൽ പരാമർശിത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-2-4 തോപ്പൻസ് നീന്തൽ അക്കാദമി-ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കാത്തത് സംബന്ധിച്ച്

സ്ഥാപനത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ, ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തോപ്പൻസ് നീന്തൽ അക്കാദമി എന്ന സ്ഥാപനത്തിൽ നിന്ന് ഡി ആന്റ് ഒ ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, വിറ്റുവരവിനാനുപാതികമായ സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, (10/11.03.19) സ്ഥാപനത്തിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-3-1 ഡി ആന്റ് ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക-II പ്രകാരമുള്ള നിരക്കിൽ (പ്രതി ദിന വിറ്റുവരവിന്/ ഉപയോഗിക്കുന്ന യന്ത്രത്തിന്റ കുതിര ശക്തിക്ക് ആനുപാതികമായി) പഞ്ചായത്തിന് ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്. പ്രതിദിന വിറ്റുവരവ്/ ഉപയോഗിക്കുന്ന യന്ത്രത്തിന്റ കുതിര ശക്തി എന്നിവ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്ന് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ നിരക്കിൽ ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | സ്ഥാപനം | പ്രതിദിന വിറ്റുവരവ് (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | മറ്റത്തിൽ ബ്രഡേഴ്സ് | 1,20,000 | 4,000 | 1,000 | 3,000 |
| 2 | സെന്റ് വിൻസന്റ് ഹോസ്പിറ്റൽ | 30000-40000 | 1,000 | 200 | 800 |
| 3 | ദേവമാത ഹാർഡ്‌വെയർ ആന്റ് സാനിറ്ററി ഹൗസ് | 1,50,000 | 4,000 | 500 | 3,500 |
| 4 | ആഷിക് സ്റ്റോഴ്സ് | 20,000 | 500 | 200 | 300 |
| 5 | ഗ്യാലക്സി ഇൻഡസ്ട്രീസ്, തോട്ടുവ | 16,000 | 500 | 200 | 300 |
| 6 | മുട്ടപ്പിള്ളി സൂപ്പർ ബസാർ | 10,100 | 300 | 200 | 100 |
| 7 | മറ്റത്തിൽ ബേക്കേഴ്സ് ആന്റ് | 24,000 | 500 | 300 | 200 |

| ക്രമ നം. | സ്ഥാപനം | പ്രതിദിന വിറ്റുവരവ് (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| | സൂപ്പർമാർക്കറ്റ് | | | | |
| 8 | മേരി മാതാ റബ്ബേഴ്സ് | 50,000 | 1,000 | 500 | 500 |
| | ആകെ | | | | **8,700** |

കൂടാതെ വൈറ്റ് റോസ് എന്ന സ്ഥാപനത്തിന്റെ ഡി ആന്റ് ഒ അപേക്ഷയിൽ സ്ഥാപനം 240 എച്ച്.പി മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക-III പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ലൈസൻസ് ഫീസിനത്തിൽ 2,400 രൂപ ഈടാക്കേണ്ടതാണെങ്കിലും രജിസ്റ്റർ പ്രകാരം 500 രൂപയെ ഈടാക്കിയിട്ടുള്ളൂ. നഷ്ടം 1,900 രൂപ. പ്രസ്തുത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്,(നം.6) അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. കുറവായ ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3-2 വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയം നടത്തിയ ധാരാളം കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി & ഒ ട്രേഡ് ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല

ഡി & ഒ ട്രേഡ് ലൈസൻസ് നൽകേണ്ട സ്ഥാപനങ്ങളുടെ ആധികാരികമായ ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ഓരോ വർഷവും ലൈസൻസിനായി നൽകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഓരോ വർഷത്തേക്കായി മാത്രം ലിസ്റ്റ് തയ്യാറാക്കുന്നു. ഡിമാന്റ് രജിസ്റ്റർ പ്രകാരം തൻവർഷം 442 സ്ഥാപനങ്ങളാണ് ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷ നൽകിയത്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2017-18 വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1086 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 146 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. യിൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലക്സ് | 5 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ ബങ്കുകൾ | 43 |
| ഓഫീസ് ആവശ്യം | 114 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 56 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 48 |
| ആകെ എണ്ണം | 1498 |

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിശദാംശങ്ങൾ പ്രകാരം, പഞ്ചായത്ത് പരിധിയിൽ 1498 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 442 ലൈസൻസാണ് തൻവർഷം പഞ്ചായത്ത് നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. വാർഡ് അടിസ്ഥാനത്തിൽ കൃത്യമായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തതുമൂലം ലൈസൻസ് ഫീസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-3-3 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (1996-ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3-ന് അനുബന്ധമായിട്ടുള്ള പട്ടിക 1-ൽ 149-ാമത്തെ ഇനമായി റേഷൻ റീട്ടെയിൽ ഷോപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്). എന്നാൽ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. പ്രസ്തുത റേഷൻ കടകളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-4-1 വാടക/ലേലം-അപാകതകൾ

1) വാടക-കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

സ്ഥാപനത്തിന്റെ വാടക രജിസ്റ്റർ ഇൻഡക്സ് പ്രകാരം, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 73 മുറികൾ/ സ്റ്റാളുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. 2017-18 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിട്ടുള്ള മുറികൾക്ക് വാടക കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | മുറി നമ്പർ | കുത്തകക്കാരൻ | മാസ വാടക | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | വെജിറ്റബിൾ സ്റ്റാൾ-വി-9 | ബിജു ജോസഫ് | 994 | 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ | 11,928 |
| 2 | കെ.എസ്-12 | ആൻസി ജോസഫ് | 2604 | 2017 മെയ് മുതൽ 2018 മാർച്ച് വരെ | 28,644 |
| 3 | XIII/378 | ടി.വി.ജോണി | 2796 | 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ | 33,552 |
| 4 | I-629 ബി | രത്നമ്മ സജി | 3937 | 2017 ഓഗസ്റ്റ് മുതൽ 2018 മാർച്ച് വരെ | 47,244 |
| 5 | പുതിയ ഷോപ്പിംഗ് കോംപ്ലക്സ് റൂം-5 | ജോജോ ജോസഫ് | 8269 | 2018 മാർച്ച് | 8,269 |
| 6 | പുതിയ ഷോപ്പിംഗ് കോംപ്ലക്സ് റൂം-6 | സോമൻ പി.വി. | 8048 | 2018 മാർച്ച് | 8,048 |
| 7 | ഗ്രൗണ്ട് ഫ്ലോർ | പ്രസിഡന്റ് മിൽക്ക് സൊസൈറ്റി | 1210 | 2018 മാർച്ച് | 1,210 |
| 8 | I-654B | ബെന്നി ജോസഫ് | 1216 | 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ | 14,592 |
| 9 | I-654 | സി.കെ.സന്തോഷ് | 473 | 2017 ഏപ്രിൽ മുതൽ | 5,676 |

| ക്രമ നമ്പർ | മുറി നമ്പർ | കുത്തകക്കാരൻ | മാസ വാടക | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| | | | | 2018 മാർച്ച് വരെ | |
| 10 | XIII/378 | മനോജ് പി. | 3501 | 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ | 42,012 |
| | ആകെ | | | | 2,01,175 |

വാടക കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/11.03.19) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക പലിശസഹിതം ഈടാക്കുന്നതിനുവേണ്ട നടപടികൾ സെക്രട്ടറി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2) ലേലം-കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

2017-18 സാമ്പത്തിക വർഷത്തേക്കുള്ള കംഫർട്ട് സ്റ്റേഷൻ പിരിവ് ശ്രീമതി ഗീത ചെറുകക്കോട് എന്ന വ്യക്തി 65,052 രൂപയ്ക്ക് ലേലം കൊണ്ടെങ്കിലും ലേല സംഖ്യ പഞ്ചായത്തിലേക്ക് അടച്ചിട്ടില്ല. അനുബന്ധ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ടിയാരിയുടെ സെക്യൂരിറ്റി തുക (30,000 രൂപ) ലേല സംഖ്യയിലേയ്ക്ക് വരവ് വെച്ചതായി കാണുന്നു. അവശേഷിക്കുന്ന 35,052 രൂപ പലിശ സഹിതം ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

വാടക/ലേലവുമായി ബന്ധപ്പെട്ട സർക്കാർ അംഗീകൃത ബൈലോ നിലവിലില്ല. ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങേണ്ടതാണ്.

## 2-5-1 കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007/തസ്വഭവ നമ്പർ സർക്കുലറിലെ അപ്പൻഡിക്സ്-1 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കെട്ടിടനിർമ്മാണ അപേക്ഷ രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്. എന്നാൽ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് രജിസ്റ്ററിലെ മുഴുവൻ കോളങ്ങളിലും വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ കെട്ടിടങ്ങളുടെ വാർഡ് നം., പെർമിറ്റ് നിരസിക്കുന്ന സംഗതികളിൽ ആയതിന്റെ കാരണം, പെർമിറ്റ് പുതുക്കുന്ന സംഗതികളിൽ ആയതിന്റെ വിവരം, കെട്ടിടം പണി പൂർത്തിയാക്കി നികുതി നിർണ്ണയം നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ കെട്ടിടനിർമ്മാണ അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയലുകൾ പരിശോധനയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നത് സംബന്ധിച്ച വിവരങ്ങൾ, കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കുന്നുണ്ടോയെന്ന വിവരം എന്നിവ അറിയുവാൻ സാധിക്കുന്നില്ല. നികുതിനിർണ്ണയം നടത്തിയ തീയതി, വാർഡ് നം. എന്നിവ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ പെർമിറ്റ് നൽകിയ കെട്ടിടങ്ങളെല്ലാം പണിപൂർത്തീകരിച്ച് നികുതി നിർണ്ണയം നടത്തുന്നുണ്ടോയെന്നും ഉറപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ അപേക്ഷ ലഭിച്ച് കാലാവധിക്കുള്ളിൽ പെർമിറ്റ് നൽകാത്തവയുടെ കാര്യത്തിലുള്ള തുടർനടപടികളുടെ വിവരങ്ങളും മറ്റ് ഏജൻസികളുടെ ക്ലിയറൻസ് ലഭിക്കുന്നതിന് അയയ്ക്കുന്ന ഫയലുകളുടെ തുടർ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കുന്നില്ല. കെട്ടിടങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ രജിസ്റ്ററിലോ ഫയലിലോ രേഖപ്പെടുത്താത്തതിനാൽ ഫീസ് കൃത്യമായി ഈടാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിൽ ക്രമവൽക്കരണത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും മേൽ അപാകതകൾ പരിഹരിച്ച് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമാക്കേണ്ടതുമാണ്.

## 2-5-2 ക്രമവൽക്കരണ ഫീസ് ഈടാക്കാത്തതും ഈടാക്കിയതിൽ കുറവും

1. ശ്രീമതി നാൻസി ചാണ്ടി, കോയിക്കൽ, കുറവിലങ്ങാട് എന്ന വ്യക്തിയുടെ 461.5 ച.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ക്രമവൽക്കരിച്ച് കെട്ടിട നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ക്രമവൽക്കരണ ഫീസ് 4,615 (461.5x5x2)രൂപ ഈടാക്കിയതായി കാണുന്നില്ല.
2. ഫാദർ സൂപ്പീരിയർ, മരിയഭവൻ, കുറവിലങ്ങാട് ഉടമസ്ഥതയിൽ ഉടമസ്ഥതയിലുള്ള 1671.08 ച.മീ.

വിസ്തീർണ്ണമുള്ള A2 വിനിയോഗ ഗണത്തിൽപ്പെട്ട കെട്ടിടം നിർമ്മിക്കുന്നതിന് A3/1983/14/6.1.15 നമ്പർ പെർമിറ്റ് പ്രകാരം അനുമതി വാങ്ങിയിരുന്നു. പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 1903.72 ച.മീറ്ററാണ്. അധികമുള്ള 232.64 ച.മീറ്ററിന് 3 രൂപ നിരക്കിൽ 1,396 രൂപയാണ്(232.64x3x2) ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടുള്ളത്. എന്നാൽ A2 വിനിയോഗ ഗണത്തിൽപ്പെട്ട കെട്ടിടത്തിന് ച.മീറ്ററിന് 5 രൂപ നിരക്കിൽ 2,326 രൂപ(232.64x5x2)ക്രമവൽക്കരണ ഫീസായി ഈടാക്കേണ്ടിയിരുന്നു. 930 രൂപ കുറവാണ് ഈടാക്കിയിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.20), ക്രമവൽക്കരണ ഫീസിൽ കുറവ് വന്ന 930 രൂപ ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. മേൽ സാഹചര്യത്തിൽ ക്രമവൽക്കരണ ഫീസിൽ കുറവ് വന്ന 5,545 രൂപ(4615+930) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5-3 കാലാവധി കഴിഞ്ഞ പെർമിറ്റിന് ക്രമവൽക്കരണ ഫീസ് ഈടാക്കാതെ നികുതി നിർണ്ണയിച്ച് നൽകി

ശ്രീ.മാത്യൂസ് സെബാസ്റ്റ്യൻ, പുളിക്കൽ എന്ന വ്യക്തി 22.04.2014 ലെ A3/2170/14 നമ്പർ പെർമിറ്റ് പ്രകാരം താമസാവശ്യത്തിനുള്ള 395.6 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി വാങ്ങിയിരുന്നു. തുടർന്ന് 20.01.15ലെ A3/6589/14നമ്പർ പെർമിറ്റ് പ്രകാരം 197.8 ച.മീറ്ററിൽ രണ്ടാം നില നിർമ്മിക്കുന്നതിനായി വീണ്ടും അനുമതി വാങ്ങിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായി 14.12.17 ൽ പൂർത്തീകരണ പ്ലാൻ സഹിതം ടിയാൻ അപേക്ഷ സമർപ്പിച്ചു. എന്നാൽ 21.04.2017 (3 വർഷം)ൽ ആദ്യം നൽകിയ പെർമിറ്റിന്റെ കാലാവധി അവസാനിച്ചിരുന്നു. എന്നാൽ പ്രസ്തുത പെർമിറ്റിന്റെ കാലാവധി തീരുന്നതിന് മുമ്പ് കാലാവധി നീട്ടി ലഭിക്കുന്നതിനോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുന്നതിനോ ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ടിയാൻ കെട്ടിട നമ്പർ ലഭിക്കുവാൻ അപേക്ഷ സമർപ്പിച്ചപ്പോൾ ആദ്യം നൽകിയ പെർമിറ്റ് പ്രകാരമുള്ള 395.6 ച.മീറ്റർ വിസ്തീർണ്ണത്തിന് അതിന്റെ കാലാവധി കഴിഞ്ഞതിനാൽ 2,374 രൂപ (395.6x3x2)ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടിയിരുന്നു. ഇപ്രകാരം ഫീസ് ഈടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്,(നം.25) ക്രമവൽക്കരണ ഫീസിനത്തിൽ കുറവ് വന്ന 2,374 രൂപ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ക്രമവൽക്കരണ ഫീസിനത്തിൽ ലഭ്യമാകേണ്ട 2,374 രൂപ ഉടമയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

2017-18 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. തൻവർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് നിരക്ക്(ജി.എസ്.ടി ഉൾപ്പെടെ) | ആകെ ഫീസ് |
|---|---|---|---|---|
| 1 | 72/18 മുട്ടുങ്കൽ മാണികാവ് കനാൽ റോഡ് | 2 | 1,500 | 3,000 |
| 2 | 78/18 ചാലപ്പള്ളി മേലോട് റോഡ് | 2 | 1,000 | 2,000 |
| 3 | 80/18 മുല്ലപ്പള്ളിക്കാവ് കുരിശിങ്കൽ റോഡ് | 2 | 1,000 | 2,000 |
| 4 | 83/18 ഞരളമറ്റം ഗാന്ധിഗ്രാം റോഡ് | 2 | 1,600 | 3,200 |

| | | | | |
|---|---|---|---|---|
| 5 | 84/18 കാളികാവ് കനാൽ റോഡ് | 2 | 1,700 | 3,400 |
| 6 | 90/18 ഇരുവേലി പാപ്പാച്ചിപ്പീടിക കുറിഞ്ഞിമല വാഴക്കാല റോഡ് | 2 | 1,100 | 2,200 |
| 7 | 93/18 തോട്ടുവ ഇന്ദ്രഗിരി റോഡ് | 2 | 1,400 | 2,800 |
| 8 | 95/18 മാഞ്ചുവട് നസ്രത്ത്ഹിൽ കോനാട്ട് റോഡ് | 2 | 1,800 | 3,600 |
| 9 | 87/18 ഗോവിന്ദപുരം താന്നിക്കൽ റോഡ് | 1 | 1,100 | 1,100 |
| 10 | 105/18 പൊതു കുടിവെള്ള കിണറുകൾക്ക് കവറിംഗ് | 2 | 1,300 | 2,600 |
| 11 | 165/18 ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റ് | 2 | 1,200 | 2,400 |
| 12 | 75/18 കോഴാ നാടികുന്ന് അന്ത്യാളം കാവ് പൈനാപ്പള്ളി റോഡ് റീടാറിംഗ് | 3 | 1,400 | 4,200 |
| 13 | 92/18 കുര്യം പെരുകിലംതോട് റോഡ് | 4 | 1,650 | 6,600 |
| 14 | 69/18 ഇഞ്ചുംകുഴി ചിറത്തടം, തോട്ടുവ അമ്പലത്തുങ്കൽ റോഡ് | 4 | 1,650 | 6,600 |
| 15 | 108/18 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് 1, 2 നിലകൾ | 2 | 2,800 | 5,600 |
| 16 | 87/18 ഗോവിന്ദപുരം താന്നിയ്ക്കൽ റോഡ് | 1 | 1,100 | 1,100 |
| | ആകെ | | | **52,400** |

ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിലും ടെണ്ടർഫീ ഇനത്തിൽ ലഭിക്കേണ്ട തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ടെണ്ടർ ഫീസ് -കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടില്ല

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് ഈ രീതിയിൽ അക്കൗണ്ട് ആരംഭിച്ചതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നമ്പർ 3) ന് അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അങ്കണവാടികളുടെ നിർമ്മാണം-തുടർനടപടികൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല

| പ്രോജക്റ്റ് നമ്പർ | 156/18 | 159/18 | 160/18 |
|---|---|---|---|
| അടങ്കൽ | 50,000 (തനതുഫണ്ട്)<br>2,00,000<br>(ജില്ലാപഞ്ചായത്ത്)<br>7,00,000 | 50,000 (തനതുഫണ്ട്)<br>2,00,000<br>(ജില്ലാപഞ്ചായത്ത്)<br>7,00,000 | 50,000 (തനതുഫണ്ട്)<br>2,00,000<br>(ജില്ലാപഞ്ചായത്ത്)<br>7,00,000 |

| | | | |
|---|---|---|---|
| | (ഐ.സി.ഡി.എസ് -ഫണ്ട്) | (ഐ.സി.ഡി.എസ് -ഫണ്ട്) | (ഐ.സി.ഡി.എസ് -ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
| ചെലവ് | 50,000 (തനതുഫണ്ട്) | 50,000 (തനതുഫണ്ട്) | 50,000 (തനതുഫണ്ട്) |
| വൗച്ചർ നമ്പർ | തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു | | |

ഗ്രാമപഞ്ചായത്തിലെ കോഴ, ചാരപ്പുറം, ചിറയ്ക്കൽ എന്നീ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ജി.ഒ (ആർ.റ്റി) 223/17/LSGD തീയതി 27.1.17 ലെ വ്യവസ്ഥകൾ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നിർവ്വഹിക്കുന്ന രീതിയിലാണ് പ്രോജക്ട് രൂപീകരിച്ചത്. ആയതിലേക്കായി സാമൂഹ്യക്ഷേമവകുപ്പ് വിഹിതമായി 7,00,000 രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായി 2,00,000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 5,00,00 രൂപയും വകയിരുത്തി. അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി സെക്ഷൻ, തൊഴിലുറപ്പ് പദ്ധതി ബ്ലോക്ക് അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവർ സാങ്കേതികാനുമതി നൽകിയതിന്റെയും ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രോജക്ട് അംഗീകരിക്കുകയും ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമായില്ല. ഗ്രാമപഞ്ചായത്ത് വിഹിതമായ 1,50,000 രൂപ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായും കാണുന്നു. പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ മേൽ പ്രോജക്ടുകൾക്കായുള്ള 1,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## **3-2** <u>സാംസ്കാരികനിലയത്തിന് ഫർണിച്ചർ -തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല-**99,750** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 115/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,00,000(തനതുഫണ്ട്) |
| ചെലവ് | 99,750 (ചെക്ക് നം.43812/23.11.2017) |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽസൂചിത പദ്ധതി പ്രകാരം സാംസ്കാരികനിലയത്തിന് ആവശ്യമായ ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിനായി 99,750 രൂപ ചെലവഴിച്ച (ചെക്ക് നം.43812 തീയതി 23.11.17)ആയതു പ്രകാരം ക്വാട്ടേഷൻ നൽകിയത് സ്റ്റീൽവെൽ, കുറവിലങ്ങാട് കോട്ടയം, ജെ.ജെ.ട്രേഡേഴ്സ്, വൈക്കം എന്നീ സ്ഥാപനങ്ങളായിരുന്നു. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഏതു സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്(കമ്മറ്റി തീരുമാനമുൾപ്പെടെ) എന്നതിന്റെ വിവരം ലഭ്യമാക്കിയില്ല

2) ക്വട്ടേഷൻ നൽകിയ സ്ഥാപനങ്ങളുടെ റ്റാബുലേഷൻ റിപ്പോർട്ട് (സ്പെസിഫിക്കേഷനും വിലയും ഉൾപ്പെടെ) ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) ക്വട്ടേഷൻ അംഗീകരിച്ച സ്ഥാപനത്തിന്റെ ഇൻവോയിസ്, ഫർണിച്ചർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

4) സാംസ്കാരികനിലയത്തിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ സൂചിത അപാകതകൾ നിലനിൽക്കുന്നതിനാൽ പ്രോജക്ടിനായുള്ള 99,750 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-3** <u>ഇ-സാക്ഷരത- തുടർപ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല-ടാബുകൾ തിരികെ ലഭ്യമാക്കുന്നതിനുള്ള കമ്മറ്റി തീരുമാനത്തിന്റെ തുടർ നടപടികളുടെ വിവരം ലഭ്യമാക്കിയില്ല</u>

ഗ്രാമവാസികളിൽ അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം വളർത്തുന്നതിന് പി.എൻ.പണിക്കർ ഫൗണ്ടേഷന്റെ സ്പോൺസർഷിപ്പിൽ സെക്രട്ടറി നടപ്പാക്കിയ പദ്ധതിയാണ് ഇ-സാക്ഷരത (പ്രോജക്ട് നം.110/16). ഓരോ വാർഡിൽ നിന്നും സന്നദ്ധസേവനത്തിന തയ്യാറായവരെ സർവ്വേ വഴി തെരഞ്ഞെടുത്ത് കോർഡിനേറ്റർമാരായി നിയമിച്ച് വാർഡ്തലത്തിൽ പരിശീലനം നൽകുകയാണ് ചെയ്തത്. പദ്ധതി പ്രവർത്തനത്തിനായി കെൽട്രോണിൽ നിന്ന് 1,45,770 രൂപ ചെലവഴിച്ച് 14 ടാബ്ലുകൾ വാങ്ങി കോർഡിനേറ്റർമാർക്ക് നൽകുകയും പദ്ധതിയുടെ പ്രചാരണാർത്ഥം നോട്ടീസ് വിതരണം ചെയ്യുകയും പരിശീലനപരിപാടിയ്ക്കായി ഓരോ മാസവും സിം ചാർജ്ജ് ചെയ്യുകയുമായിരുന്നു 2015-16 വർഷം ചെയ്ത പ്രവർത്തനങ്ങൾ. എന്നാൽ പദ്ധതിയുടെ തുടർനടത്തിപ്പിനായി പി.എൻ.പണിക്കർ ഫൗണ്ടേഷനിൽ നിന്നും ധനസഹായമോ തുടർനിർദ്ദേശങ്ങളോ ലഭ്യമാകാത്തതിനാൽ നിലവിൽ പദ്ധതി നിശ്ചലാവസ്ഥയിലാണ്. മാത്രമല്ല വിതരണം ചെയ്ത ടാബ്ലുകളിൽ പലതും കേടായതായി കോർഡിനേറ്റർമാർ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. തനതുഫണ്ടിൽ നിന്നും 1,45,770 രൂപ ചെലവഴിച്ച് വാങ്ങിയ ടാബ്ലുകൾ തിരികെ ലഭിച്ചിട്ടില്ലെന്നും ടി പ്രോജക്ടിന്റെ പ്രവർത്തനം നിലവിൽ നടക്കുന്നില്ലാത്തതിനാൽ മാസ്റ്റർ ട്രെയിനിമാർക്ക് നൽകിയ ടാബ്ലുകൾ തിരികെ ലഭ്യമാക്കുന്നതിന് 14.06.17 ലെ 33 നമ്പർ അജണ്ടയായി കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട്. ടി കമ്മറ്റി തീരുമാനത്തിന്റെ തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 14.3.19ൽ നൽകിയ 23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടിന്റെ തുടർപ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അധികൃതർ നടപടികൾ സ്വീകരിക്കാത്തപക്ഷം ടാബ്ലുകൾ തിരികെ ലഭ്യമാക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ഗ്രാമ പഞ്ചായത്തിലെ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിലെ ലൈബ്രറിയുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ നടത്തിയതിൽ കഴിഞ്ഞ അഞ്ച് വർഷമായി ലൈബ്രറിയിലേയ്ക്ക് പുതിയ പുസ്തകങ്ങൾ ഒന്നും തന്നെ വാങ്ങിയിട്ടില്ലയെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഒരു സ്ഥിരം ലൈബ്രേറിയനെ നിയമിച്ച് പഞ്ചായത്ത് ഫണ്ടിൽ നിന്നും ശമ്പളമിനത്തിൽ തുക ചെലവഴിക്കുകയും അതേ സമയം ലൈബ്രറി പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ആശാസ്യമല്ല. ടി വിഷയം ഓഡിറ്റ് സമാപന യോഗത്തിൽ ഉന്നയിച്ചതിൽ ലൈബ്രറി കൗൺസിലിന്റെ ഗ്രാന്റ് ലഭിക്കുന്നതും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതുമായ ഒന്നിലേറെ ലൈബ്രറികൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നതായും ഗ്രാമ പഞ്ചായത്ത് ലൈബ്രറി ഉപയോഗപ്പെടുത്തുന്ന വായനക്കാർ കുറവാണെന്നും വിശദീകരിക്കപ്പെട്ടു. ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 യോഗ പ്രകൃതി ജീവനപരിശീലനം(വനിതകൾ) -പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി-4,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, ആയുർവേദം
പ്രോജക്ട് നം.114/18

ചെലവ് 4,00,000

ബിൽ നമ്പർ-2/17-18 തീയതി 17.01.18 തുക 3,00,000

ബിൽ നമ്പർ-3/17-18 തീയതി 12.03.18 തുക 1,00,000

ഗവ. ആയുർവേദ ആശുപത്രിയിലെ ആയുഷ് വെൽനസ്സ് സെന്ററിന്റെ യോഗപ്രകൃതി ചികിത്സാ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ യോഗപ്രകൃതി ജീവനപരിശീലനം എന്ന പേരിൽ ശില്പശാല നടത്തുകയുണ്ടായി. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ജീവിത ശൈലീരോഗങ്ങളുടെ പ്രധാന കാരണമായ തെറ്റായ ഭക്ഷണരീതിയിൽ മാറ്റം വരുത്തി പ്രകൃതിചികിൽസാരീതി പരിചയപ്പെടുത്തിയ പരിശീലന പരിപാടിയിൽ 50 പേർ വീതമുള്ള 40 ക്യാമ്പുകൾക്ക് ഭക്ഷണം വിതരണം നടത്തിയതിന് 4,00,000 രൂപ വി.കെ.കുര്യാക്കോസ് വേലംപറമ്പിൽ എന്ന ആൾക്ക് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്.) 80/17/ തസ്വഭവ തീയതി 03.04.17 പ്രകാരം ഉൽപാദനപരമല്ലാത്ത മേളകൾ, ക്യാമ്പുകൾ, ക്യാമ്പയിനുകൾ തുടങ്ങിയവയ്ക്ക് മാത്രമായി പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രോജക്ട് ഏറ്റെടുത്തത് പദ്ധതിമാർഗ്ഗ രേഖയ്ക്ക് വിരുദ്ധമാണ്. ഇത്തരത്തിൽ പ്രോജക്ട് ഏറ്റെടുക്കാനിടയായ സാഹചര്യം അന്വേഷണക്കുറിപ്പിന്(നം.2/11.3.19)

നൽകിയ മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് അപാകതൾ ചുവടെ ചേർക്കുന്നു

1) ശരാശരി 40 പേർ മാത്രമാണ് ഓരോ ക്യമ്പിലും പങ്കെടുത്തത്. എന്നാൽ 50 പേരും ക്യാമ്പിൽ പങ്കെടുത്തു എന്ന് കണക്കാക്കിയാണ് തുക നൽകിയത്. ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. താല്പര്യമുള്ള വനിതകൾക്ക് പങ്കെടുക്കാം എന്നതാണ് മാനദണ്ഡം എന്ന് അന്വേഷണക്കുറിപ്പിന് മറുപടി നൽകി

2) യോഗപരിശീലനം നടത്തിയിട്ടില്ല

3) മോണിട്ടറിങ്ങ് റിപ്പോർട്ട് ഇല്ല

4) ഭക്ഷണ വിതരണം മാത്രമാണ് പ്രോജക്ടിലൂടെ നടപ്പാക്കിയിട്ടുള്ളതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കിയതിനാലും മറ്റ് അപാകതകളുടെ അടിസ്ഥാനത്തിലും മേൽ പ്രോജക്ടിനായുള്ള 4,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ഹെഡ്മാസ്റ്റർ ഗവ. യു.പി.സ്കൂൾ കളത്തൂർ നടപ്പാക്കിയ പ്രോജക്ടുകളുടെ അപാകതകൾ

ഹെഡ്മാസ്റ്റർ ഗവ. യു.പി.സ്കൂൾ കളത്തൂർ നടപ്പാക്കിയ പ്രോജക്ടുകളുടെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-**4,25,000** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് 4/18 എസ്.എസ്.എ. വിഹിതം

ചെലവ് 3,50,000 ബിൽ നം.1/18.07.17

പ്രോജക്ട് 5/18 എസ്.എസ്.എ. വിഹിതം എസ് സി പി

ചെലവ് 75,000 ബിൽ നം.2/18.07.17

മേൽ പ്രോജക്ടുകൾ പ്രകാരം 4,25,000 രൂപ എസ്.എസ്.എ. ജില്ലാ പ്രോജക്ട് ആഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 4,25,000(350000+75000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ- രേഖകൾ പൂർണ്ണമല്ല-1,29,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം-136/18

ചെലവ്-1,29,000

ബിൽ നം.6/17-18 തീയതി 21.12.17/1,24,300

ബിൽ നം.15/17-18 തീയതി 21.03.18/4,700

ഗ്രാമപഞ്ചായത്തിലെ സെന്റ് മേരീസ് ഗവ.ഹയർ സെക്കന്ററി സ്കൂളിലെ 14 പെൺകുട്ടികൾക്കും സെന്റ് മേരീസ് ബോയ്സ് ഹൈസ്കൂളിലെ 13 ആൺകുട്ടികൾക്കും സൈക്കിൾ വാങ്ങി നൽകുന്നതിന് 1,29,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുട്ടികൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഇല്ല.

2.ഗുണഭോക്താക്കളെ ഗ്രാമസഭ തിരഞ്ഞെടുത്തതായി കാണുന്നില്ല.

3. ഗ്രാമപഞ്ചായത്തിലെ രണ്ടു സ്കൂളുകളിലെ കുട്ടികൾക്ക് മാത്രമായി പദ്ധതിയുടെ ആനുകൂല്യം നൽകാനിടയായ സാഹചര്യം വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്

(നം.3/11.3.19)തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിത അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിനായുള്ള 1,29,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3) കുട്ടികൾക്ക് നീന്തൽ പരിശീലനം -അപാകതൾ-3,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.104/18

ചെലവ്-3,00,000

ബിൽ നം.12/17-18 തീയതി 28.02.18

മേൽ പ്രോജക്ട് പ്രകാരം 200 കുട്ടികൾക്ക് പരിശീലനം നൽകിയതിന് 3,00,000 രൂപ തോപ്പൻസ് സ്വിമ്മിങ്ങ് അക്കാദമിയ്ക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലെയും കുട്ടികൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടില്ല.

2. പദ്ധതിയുടെ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

3. ഗ്രാമ പഞ്ചായത്തിന് പുറത്ത് പ്രവർത്തിക്കുന്ന സെന്റ് ആൻസ് ഹയർ സെക്കന്ററി സ്കൂൾ, കുര്യനാട് എന്ന സ്കൂളിലെ കുട്ടികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇവരുടെ അർഹത പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

4. പരിശീലനം പൂർത്തീകരിച്ച് സാക്ഷ്യപത്രം/സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

5. വിദ്യാഭ്യാസം, കായികം, വിനോദം, യുവജനക്ഷേമ വർക്കിങ്ങ് ഗ്രൂപ്പ് പ്രോജക്ട് നടത്തിപ്പ് മോണിറ്റർ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.3/11.3.19) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടിനായുള്ള 3,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ഗ്രാമസഭ തെരഞ്ഞെടുക്കാത്തവർക്ക് ആനുകൂല്യം നൽകി

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 എ സി പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക എന്നത് ഗ്രാമസഭയുടെ ചുമതലയാണ്. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയ നടപടി നിയമവിരുദ്ധമാണ്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ ഗ്രാമസഭ തെരഞ്ഞെടുക്കാത്തവർക്കും ആനുകൂല്യം നൽകിയതായി കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ-57/18

പൈപ്പ് കമ്പോസ്റ്റ്

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ. കുറവിലങ്ങാട്

ചെലവ്- 4,12,462

മേൽ പ്രോജക്ട് പ്രകാരം 580 പേർക്ക് കേള ചന്ദ്ര പൈപ്പ് ഇൻഡസ്ട്രീസ് ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും പൈപ്പ് വാങ്ങി നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ഉൾപ്പെടെ 4,12,462 രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ 259 പേരും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്.

2. പ്രോജക്ട് നമ്പർ 133/18

എസ്.സി. ഉന്നതപഠനസഹായം

നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ ഗവ. യു.പി.സ്കൂൾ കളത്തൂർ

ചെലവ്-1,70,000

മേൽ പ്രോജക്ട് പ്രകാരം 9 കുട്ടികൾക്ക് ഉന്നതപഠനസഹായം നൽകിയിട്ടുണ്ട്.

ഗുണഭോക്താക്കളെ ഗ്രാമസഭ തിരഞ്ഞെടുത്തതായി കാണുന്നില്ല.

3. പ്രോജക്ട് നമ്പർ 131/18

എസ്.റ്റി. ഉന്നതപഠനസഹായം

നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ ഗവ. യു.പി.സ്കൂൾ കളത്തൂർ

ചെലവ്-30,000

മേൽ പ്രോജക്ട് പ്രകാരം രണ്ട് കുട്ടികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ആനുകൂല്യം ലഭിച്ച ശ്രീക്കുട്ടി എസ്.എസ്. എന്ന ആളെ ഊരുകൂട്ടം പദ്ധതിയുടെ ഗുണഭോക്താവായി തിരഞ്ഞെടുത്തിട്ടില്ല.

4. പ്രോജക്ട് നമ്പർ 134/18

എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ ഗവ. യു.പി.സ്കൂൾ കളത്തൂർ
ചെലവ് - 2,51,889

മേൽ പ്രോജക്ട് പ്രകാരം 11 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകിയിട്ടിണ്ട്.

ആനുകൂല്യം ലഭിച്ച താഴെപറയുന്ന വിദ്യാർത്ഥികൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

1.പ്രമോദ് കുമാർ വാർഡ് 1

2.ശ്രീലക്ഷ്മി വാർഡ്-2

3.അഖിൽ സി.പി. വാർഡ് 10

ഗ്രാമസഭ തെരഞ്ഞെടുക്കാത്തവർക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്,(നം.5/11.3.19) തുടർ ഗ്രാമസഭയിൽ അംഗീകാരം വാങ്ങുന്നതാണെന്ന് വി.ഇ.ഒ. മറുപടി നൽകി. എന്നാൽ അപാകത സംബന്ധിച്ച് ഹെഡ്മാസ്റ്റർ ഗവ. യു.പി.സ്കൂൾ കളത്തൂർ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയ നടപടി നിയമവിരുദ്ധമാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 8.12.14 ലെ 4212/എബി1/14 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഗുണഭോക്തൃലിസ്റ്റിൽപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുവെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും എന്ന് വ്യക്തമാക്കുന്നു.

ആനുകൂല്യം ലഭിച്ചവരുടെ അർഹതയുടേയും മുൻഗണനാക്രമത്തിന്റെയും മാനദണ്ഡം എപ്രകാരം കണക്കാക്കി എന്ന് വ്യക്തമല്ല. അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികളും വർക്കിങ്ങ് ഗ്രൂപ്പും പദ്ധതി നിർവ്വഹണത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടില്ല. ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചത് ക്രമപ്രകാരമല്ല എന്നതിനാൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-8 ചാരപ്പുറം കുടിവെള്ള പദ്ധതി-ഗുണഭോക്തൃസമിതി കൺവീനർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ 10,397 രൂപ നല്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര്/പ്രോജക്ട് നം. | ചാരപ്പുറം കുടിവെള്ള പദ്ധതി 40/18 |
| അടങ്കൽ | 2,75,000/- |

| | |
|---|---|
| ചെലവ് | 2,07,936 |
| കൺവീനർ | അലക്സ് മൈലക്കുഴി |
| എഗ്രിമെന്റ് നം. | 54/AE/KVGD/16-17/25.03.17 |
| എം ബുക്ക് നം. | 54/16-17 |
| ചെലവ് | 2,07,936 ബിൽ നം.35/12.02.18 |

ഗുണഭോക്തൃസമിതി ചെയ്യുന്ന പ്രവൃത്തികളിൽ 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 1.7.17 മുതൽ ജി.എസ്.ടി നിലവിൽ വരുകയും.സ.ഉ.(അച്ചടി) 87/17 ത.സ്വ.ഭ.വ 1.11.17 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി കിഴിവ് ചെയ്യുന്നത് ജി.എസ്.ടി കൗൺസിൽ താല്കാലികമായി ഒഴിവാക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ നികുതി വിഹിതങ്ങൾ അടയ്ക്കുന്നതിന് 3% തുക മതിയാകുന്നതിനാൽ വാറ്റിനായി വകയിരുത്തിയ 5% കുറച്ചുള്ള തുക പിൻവലിക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഇത് പരിഗണിക്കാതെ ഓവർഹെഡ് ചാർജ്ജിനത്തിൽ 7.5% എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ള തുക പിൻവലിക്കുകയും 3% നികുതി കിഴിച്ചുള്ള തുക കൺവീനർക്ക് നല്കുകയും ചെയ്തപ്പോൾ ഓവർഹെഡ് ചാർജിനത്തിൽ അനർഹമായി കൺവീനർക്ക് നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അർഹമായത് | നൽകിയത് |
|---|---|---|
| ആകെ വേലമൂല്യം | 2,28,730 | 2,28,730 |
| കുറയ്ക്കുക-ബെനിഫിഷറി കോൺട്രിബ്യൂഷൻ | 20,794 | 20,794 |
| ഐ.ടി (2%) | 4,159 | 4,159 |
| നിർമ്മാണക്ഷേമനിധി വിഹിതം (1%) | 2,080 | 2,080 |
| ഫൈൻ- | 2,750 | 2,750 |
| ഓവർ ഹെഡ് ചാർജ് 5% | 10,397 | 0 |
| നെറ്റ് തുക | 10,88,550 | 1,98,947 |
| അധികം നൽകിയ തുക | 10,397 | |

നികുതി വിഹിതം അടവാക്കാനുള്ള തുകയിലധികം പിൻവലിച്ചതിനാൽ കൺവീനർക്ക് 10,397 രൂപ അധികം നൽകാനിടയായി. അധികം നൽകിയ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.24/14.3.19) തൃപ്തികരമായ മറുപടി നൽകിയില്ല. ധനകാര്യ (ഇൻസ്&പി.ഡബ്ലിയു--ബി)വകുപ്പിന്റെ 14.12.16ലെ ഇൻഡ് & പി.ഡബ്ലിയു. ബി2/2666/2016 നമ്പർ സർക്കുലർ പ്രകാരം നികുതിവിഹിതങ്ങൾ അടവാക്കുന്നതിനുള്ള അധികതുകയ്ക്കാണ് ഗുണഭോക്തൃസമിതി വേലകൾക്ക് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നികുതിവിഹിതം ഒടുക്കാത്ത സാഹചര്യത്തിലും ഓവർഹെഡ് ചാർജ് പൂർണ്ണനിരക്കിൽ അനുവദിച്ചത് ക്രമവിരുദ്ധമാണ്. അധികം നൽകിയ 10,397 രൂപ കൺവീനറിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 തെരുവുവിളക്ക് മെയിന്റനൻസ്/തെരുവുവിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | 16/18, തെരുവ് വിളക്കുകൾക്ക് എ.എം.സി | 118/18, തെരുവ് വിളക്കുകൾക്ക് എ.എം.സി | 20/18, തെരുവ് വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ | 21/18, തെരുവ് വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ (ഓട്ടോമാറ്റിക്) |
|---|---|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |

| | | | | |
|---|---|---|---|---|
| അടങ്കൽ | 2,00,000(തനതുഫണ്ട്) | 2,00,000(സി.എഫ്.സി)<br>2,95,000(തനതുഫണ്ട്) | 3,05,000 (സി.എഫ്.സി)<br>1,90,000 (തനതുഫണ്ട്) | 4,95,000 (സി.എഫ്.സി) |
| ചെലവ് | 2,00,000 | 2,00,000 | 4,93,919 (305000+ 188919) | 4,93,919 |
| കരാറുകാരൻ | യുണൈറ്റഡ് എനർജി സിസ്റ്റംസ്, തിരുവനന്തപുരം | യുണൈറ്റഡ് എനർജി സിസ്റ്റംസ്, തിരുവനന്തപുരം | ആൽഫ ഇലക്ട്രോണിക്സ് തിരുവനന്തപുരം | ആൽഫ ഇലക്ട്രോണിക്സ് തിരുവനന്തപുരം |

മേൽ പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

തെരുവുവിളക്ക് മെയിന്റനൻസ്

1) ഓഡിറ്റ് വർഷം ഒരേതരം പ്രവർത്തികൾക്കായി 2 പ്രോജക്ടുകൾ തയ്യാറാക്കിയതായി കാണുന്നു. (പ്രോജക്ട് നം.16/18&118/18) ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവുവിളക്കുകളുടെ മെയിന്റനൻസിനായി ഒറ്റ പ്രോജക്ട് തയ്യാറാക്കി ഇ ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ കൂടുതൽ മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ലഭിക്കുകയും അതുവഴി കൂടുതൽ മെച്ചപ്പെട്ട സേവനവും സാമ്പത്തികനേട്ടവും കൈവരുമായിരുന്നു. കൂടാതെ 2 പ്രോജക്ടുകൾ തയ്യാറാക്കി വെവ്വേറെ ടെൻഡർ നടപടികൾ സ്വീകരിച്ചതു വഴിയുള്ള അധികച്ചെലവും ഒഴിവാക്കാമായിരുന്നു

2) രണ്ട് പ്രോജക്ടുകൾക്കും കരാർ കാലാവധി 1.12.2017 മുതൽ 30.11.2018 വരെയായിരുന്നു. ദർഘാസ് പരസ്യത്തിൽ 1 വർഷക്കാലം പഞ്ചായത്തിന്റെ നിർദ്ദേശാനുസരണം തകരാർ പരിഹരിക്കേണ്ടതാണെന്നും തുക 4 ഗഡുക്കളായി മാത്രമേ നൽകുകയുള്ളൂവെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 31.3.2018 ന് രണ്ട് പ്രോജക്ടുകൾക്കും പകുതിയിലേറെ തുക ഒറ്റത്തവണയായി നൽകുകയുണ്ടായി

3) മെയിന്റനൻസ് ബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി.(18%), ഐ.ടി.(2%) എന്നിവ ഈടാക്കിയിരുന്നില്ല.

4) കെ.എസ്.ഇ.ബി.യ്ക്ക് സൂപ്പർ വിഷൻ ചാർജ്ജ് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

തെരുവുവിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ

1) 20/18 നമ്പർ പ്രോജക്ട് പ്രകാരം വാങ്ങിയ 680 തെരുവുവിളക്കുകൾ വിവിധ വാർഡുകളിലെ പോസ്റ്റുകളിൽ ഇൻസ്റ്റാൾ ചെയ്യുന്നതിന് ആൽഫ ഇലക്ട്രോണിക്സ് തിരുവനന്തപുരത്തിന് 1,95,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ചെലവ് പത്രികപ്രകാരം 4,93,919 രൂപയാണ് നൽകിയിരിക്കുന്നത്. തെരുവ് വിളക്കുകൾ ഇൻസ്റ്റാൾ ചെയ്തതിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല.

2) 21/18 നമ്പർ പ്രോജക്ട് പ്രകാരം വാങ്ങിയ 660 തെരുവുവിളക്കുകൾ വിവിധ വാർഡുകളിലെ പോസ്റ്റുകളിൽ ഇൻസ്റ്റാൾ ചെയ്തതിന്റെ വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല .
3) കെ.എസ്.ഇ.ബി. യ്ക്ക് ഇൻസ്റ്റലേഷൻ ചാർജ്ജ് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

4) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ (ജി.ഒ(പി) 259/2010/ത.സ്വ.ഭ.വ, 08.11.2010) പ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങൾ സംബന്ധിച്ച് മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ നടത്തേണ്ടതാണ് എന്നാണ്. കൂടാതെ തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച മാർഗരേഖ(സർക്കുലർ നം.3055/ഡി എ 3/ത.സ്വ.ഭ.വ, 15.09.2011) ഖണ്ഡിക 2.ബി പ്രകാരം തെരുവ് വിളക്ക് അനുബന്ധ സാമഗ്രികൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശം തദ്ദേശഭരണ സ്ഥാപനത്തിലെയും കെ.എസ്.ഇ.ബി. യിലെയും അധികൃതർ സംയുക്ത പരിശോധന നടത്തേണ്ടതും ഇവ സംബന്ധിച്ച് ടെൻഡർ രേഖകളിൽ പരാമർശിക്കേണ്ടതുമാണ്. എന്നാൽ ഈ നിർദേശങ്ങൾ

പാലിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-10 വനിതാവ്യവസായ കേന്ദ്രങ്ങളിലും സാംസ്കാരികനിലയങ്ങളിലും അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു

ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിലെ കണികോടി സാംസ്കാരിക നിലയത്തിലും, പതിനാലാം വാർഡിലെ (നസ്രത്ത് ഹിൽ) വനിതാ വ്യവസായ കേന്ദ്രത്തിലും, ഒൻപതാം വാർഡിലെ (നമ്പൂശ്ശേരി കോളനി)വനിതാ വ്യവസായ കേന്ദ്രത്തിലും അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നുണ്ടെന്ന് 13.03.2019-ൽ നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. എസ്.സി.പി ഫണ്ട് വിനിയോഗിച്ച് ഉത്പാദനമേഖലയിൽ നിർമ്മിച്ച വനിതാവ്യവസായ കേന്ദ്രങ്ങളിൽ അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിയ്ക്കുന്നതിനും വനിതാവ്യവസായ കേന്ദ്രങ്ങളും സാംസ്കാരികനിലയങ്ങളും നിർമ്മിച്ചതിന്റെ ലക്ഷ്യം കൈവരിയ്ക്കുന്നതിനും അധികൃതർ സത്വരശ്രദ്ധ ചെലുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഉഴവൂർ | 30.10.2017 | 1,00,000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 1,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത്, ഉഴവൂർ | 30.10.2017 | 2,00,000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 2,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത്, ഉഴവൂർ | 14.12.2017 | 50,000 | സ്കോളർഷിപ്പ് | 50,000 | - |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 16.03.18 | 2,00,000 | ലൈഫ് ഭവനപദ്ധതി വിഹിതം | 2,00,000 | - |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 16.03.18 | 1,31,253 | ലൈഫ് ഭവനപദ്ധതി വിഹിതം | 1,31,253 | - |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 16.03.18 | 1,02,875 | ലൈഫ് ഭവനപദ്ധതി വിഹിതം | 1,02,875 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ/വായ്പ തിരിച്ചടവ് ഇനങ്ങളിൽ വരവുചെലവുകളില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നീയമം-23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | പൊതു അവലോകനം | 2009-10 | 2-1 | കാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിയ്ക്കുന്നതിൽ വീഴ്ച | 30.09.13 ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്ജ്/സർചാർജ്ജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 6,26,40,483 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,71,25,306 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15,03,750 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,50,000 | ശ്രീ.പ്രസാദ് പി.ആർ., സെക്രട്ടറി |
| 3-2 | 99,750 | ശ്രീ.പ്രസാദ് പി.ആർ., സെക്രട്ടറി |
| 3-5 | 4,00,000 | ഡോ.സി.വൈ.എൽസി, മെഡിക്കൽ ഓഫീസർ(ആയുർവേദം) |
| 3-6(i) | 4,25,000 | ശ്രീമതി ബിന്ദു സി.കെ., ഹെഡ്മിസ്ട്രസ് |
| (ii) | 1,29,000 | ശ്രീമതി ബിന്ദു സി.കെ., ഹെഡ്മിസ്ട്രസ് |
| (iii) | 3,00,000 | ശ്രീമതി ബിന്ദു സി.കെ., ഹെഡ്മിസ്ട്രസ് |
| ആകെ | **15,03,750** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം.)*

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2003-04(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി- 4/അദാ-2018/30(6)/18/8.1.18 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി- 4/അദാ-2018/30(8)/18/8.1.18 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി- 4/അദാ-2018/30(9)/18/8.1.18 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി- 4/അദാ-2018/30(10)/18/8.1.18 |
| 2010-11, 2011-12 | കെ.എസ്.എ-കെ.ടി.എം.പി- 4/അദാ-2018/30(11)/18/8.1.18 |
| 2012-13 | എൽ.എഫ്.കെ.പി 4/442/14/9.1.2015 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി- 4/1132/16/20.8.2016 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.4/1122/2016/26.10.2017 |
| 2015-16 | നം.കെ.എസ്.എ-കെ.ടി.എം.പി.4/1963/16/26.10.17 |
| 2016-17 | നം.കെ.എസ്.എ-കെ.ടി.എം.പി.4/1864/2017/19.1.18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം -1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി**4-305/2019** കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: **04812564886**

ഇ-മെയിൽ: **doktm.ksad@kerala.gov.in**
തീയതി:**19.04.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 -ലെ വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം